സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജീവനക്കാരുടേയും പെൻഷൻകാരുടേയും ആനുകൂല്യങ്ങൾ - അംഗീകൃത സംഘടനയുമായുള്ള ചർച്ച - തീരുമാനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2191/21/Est-I** നന്തൻകോട്, **04/11/2023**

---

പരാമർശം :- 1) 17-11-2022 ലെ മേൽ നമ്പർ ഉത്തരവ്.

2) 17-11-2022 ലെ ROC 2191/21/Est-1 (ii) നമ്പർ ഉത്തരവ്.

3)തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ ഭാരവാഹികളുമായി 26-10-2023 ൽ നടത്തിയ ചർച്ച.

4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 30-10-2023 ലെ DA 1297/23/E-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശമ്പളം/പെൻഷൻ 01-07-2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചും ജനുവരി 2023 മുതൽ പരിഷ്ക്കരിച്ച ശമ്പളം/പെൻഷൻ വിതരണം ചെയ്യുന്നതിന് അനുവദിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു (പരാമർശം - 1, 2).

01-07-2019 മുതലുള്ള ശമ്പള/പെൻഷൻ കുടിശ്ശിക, ജീവനക്കാരുടേയും പെൻഷൻകാരുടേയും മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കണമെന്ന അംഗീകൃത സംഘടനയുടെ ആവശ്യം സംബന്ധിച്ച് ബോർഡ്തലത്തിൽ ചർച്ച നടത്തി (പരാമർശം -3).

ഇക്കാര്യത്തിൽ ലഭ്യമായ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 4 റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

അംഗീകൃത സംഘടനയുമായി നടത്തിയ ചർച്ച, ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- പെൻഷൻ പരിഷ്ക്കരണത്തിന്റെ 01-04-2021 മുതൽ 31-12-2022 വരെയുള്ള കുടിശ്ശിക ആകെ തുക 20,000/- രൂപ വരെയുള്ളവർക്ക് 01-12-2023 മുതൽ ഒറ്റത്തവണയായി നൽകുന്നതിന് തീരുമാനിക്കുന്നു.

(...2)

- ടി കുടിശ്ശിക തുക 20,000/- ൽ അധികം വരുന്നവരുടേത് 3 തുല്യ ഗഡുക്കളായി 12/2023, 01/2024, 02/2024 എന്നീ മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്നു.
- 01-03-2021 മുതൽ 31-12-2022 വരെയുള്ള ശമ്പളപരിഷ്ക്കരണ കുടിശ്ശിക ആകെ തുക 20,000/- രൂപ വരെ വരുന്നവർക്ക് 01-12-2023 മുതൽ ഒറ്റത്തവണയായി നൽകുന്നതിനും ആകെ കുടിശ്ശിക തുക 20,000/- രൂപയിലധികം വരുന്നവർക്ക് 5 തുല്യ ഗഡുക്കളായി 12/2023, 01/2024, 02/2024, 03/2024, 04/2024 എന്നീ മാസങ്ങളിൽ വിതരണം ചെയ്യുന്നതിനും അനുവദിക്കുന്നു.
- 12/2023 മുതൽ 04/2024 വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് ഏത് മാസമാണോ വിരമിക്കുന്നത് ആ മാസം അവശേഷിക്കുന്ന ഗഡുക്കൾ ഒറ്റത്തവണയായി നൽകേണ്ടതാണ്.
- നിലവിൽ കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവ വിതരണം ചെയ്യുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുന്നു. 01-06-2022 മുതൽ 31-12-2022 വരെ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് പഴയ ശമ്പളസ്കെയിലിന്റെ അടിസ്ഥാനത്തിലും 01-01-2023 മുതൽ വിരമിച്ചവർക്ക് പുതിയ ശമ്പളസ്കെയിലിന്റെ അടിസ്ഥാനത്തിലും കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്നു.
- ടി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തുന്നു.
- ദേവസ്വങ്ങളിൽ ജോലി നോക്കുന്ന ക്ലാസ്ഫോർ ജീവനക്കാർക്കും പാർട്ട്ടൈം ക്ഷേത്ര ജീവനക്കാർക്കും റിപ്പബ്ലിക് ദിനം, വിഷു, മെയ്ദിനം, സ്വാതന്ത്ര്യദിനം, തിരുവോണം എന്നീ 5 ദേശീയ അവധി ദിവസങ്ങളിൽ ജോലി നോക്കുന്നവർക്ക് ശമ്പളപരിഷ്ക്കരണത്തിൽ അനുശാസിച്ചിരിക്കുന്ന ക്രമത്തിലുള്ള ഡെയിലി അലവൻസ് ദേശീയ അവധി അലവൻസ് ആയി (5 അവധികൾ) 2024 കലണ്ടർ വർഷം മുതൽ അനുവദിക്കുന്നു.
- നിലവിൽ ക്ഷേത്ര ജീവനക്കാർക്ക് 12 കാഷ്വൽ അവധികൾക്ക് പകരം വ്യവസ്ഥ അനുവദിച്ചിരുന്നു. ആയത് 2024 കലണ്ടർ വർഷം മുതൽ 13 ദിവസമായി വർദ്ധിപ്പിക്കുന്നു.

...3

- എല്ലാ ജീവനക്കാരുടേയും കുടിശ്ശിക തുക നിലവിൽ ജോലി നോക്കുന്ന ആഫീസിൽ നിന്ന് സർവ്വീസ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ചെലവെഴുതേണ്ടതാണ്. ഗസറ്റഡ് ഉദ്യോഗസ്ഥരുടേത് പേ സ്ലിപ്പിന്റെ അടിസ്ഥാനത്തിലും ഗസറ്റഡ് ആഫീസർ ആകുന്നതിന് മുൻപുള്ള ശമ്പള വിവരം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിലവിൽ ജോലി നോക്കുന്ന ആഫീസിൽ നിന്നും ചെലവെഴുതേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK